# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**5288** **27.07.2015** ൽ മറുപടിയ്ക്ക്

**പി.ഡബ്ല്യു.ഡി യുടെ ഗവണ്മെന്റ് ഒബ്സർവേറ്ററി ക്വാർട്ടേഴ്സ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്ത്, പി. ഡബ്ല്യു. ഡി യുടെ കീഴിലുള്ള ഗവണ്മെന്റ് ഒബ്സർവേറ്ററി ക്വാർട്ടേഴ്സ് അലോട്ട് ചെയ്യുമ്പോൾ എന്തെല്ലാം തരം ചാർജ്ജുകൾ ആണ് താമസക്കാർ അടയ്ക്കണമെന്ന് വ്യവസ്ഥയുള്ളത്; വിശദമാക്കുമോ; | (എ) | സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള ചട്ടങ്ങളിലെ (Rules for the Allotment and occupation of Government Servants Quarters in Kerala 2006) സെക്ഷൻ 12 പ്രകാരം ജലം, വൈദ്യുതി എന്നിവയുടെ ചാർജ്ജുകൾ താമസക്കാർ തന്നെ യഥാക്രമം വാട്ടർ അതോറിറ്റിയിലും വിദ്യുച്ഛക്തി ബോർഡിലും അടയ്ക്കേണ്ടതാണ്. |
| (ബി) | ക്വാർട്ടേഴ്സുകൾ അലോട്ട് ചെയ്യുമ്പോൾ ഇത് സംബന്ധിച്ച് സമ്മതപത്രം ഇവരിൽ നിന്ന് എഴുതി വാങ്ങാറുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ക്വാർട്ടേഴ്സുകൾ അലോട്ട് ചെയ്യുമ്പോൾ Rules for the Allotment and occupation of Government Servants Quarters in Kerala 2006 ലെ സെക്ഷൻ 11(i) പ്രകാരം ജീവനക്കാർ വാടക ഉടമ്പടിയിൽ ഏർപ്പെടേണ്ടതുണ്ട്. |
| (സി) | പ്രസ്തുത ഒബ്സർവേറ്ററി ക്വാർട്ടേഴ്സിലുള്ള വൈദ്യുതി കണക്ഷനുകളുടെ ഉപഭോക്താവ് ആരാണ്; വിശദമാക്കാമോ; | (സി) | ക്വാർട്ടേഴ്സിലുള്ള വൈദ്യുതി കണക്ഷനുകളുടെ ഉപഭോക്താവ് താമസക്കാർ തന്നെയാണ്. |
| (ഡി) | പ്രസ്തുത ക്വാർട്ടേഴ്സിൽ ഉള്ള വൈദ്യുതി കണക്ഷനുകൾക്ക് സെക്യൂരിറ്റി ഡിപ്പോസിറ്റ് അടയ്ക്കാൻ താമസക്കാർ നിർബന്ധിതരാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സെക്യൂരിറ്റി ഡിപ്പോസിറ്റ് ഉപഭോക്താവിൽ നിന്നു മാത്രം ഈടാക്കാൻ വ്യവസ്ഥയുള്ള സ്ഥിതിക്ക് ഇത് പി.ഡബ്ല്യു.ഡി തന്നെ ഏറ്റെടുത്ത് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് മാത്രം താമസിക്കുന്നവരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ എടുക്കാമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**